**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2816** **13-12-2022 - ൽ മറുപടിയ്ക്ക്**

**മാർമല ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജകമണ്ഡലത്തിലെ മാർമല ജലവൈദ്യുതി പദ്ധതി പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | ഇല്ല. പാലാ നിയോജകമണ്ഡലത്തിലെ മാർമല (2x3.5MW/23.02 MU) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ DPR, KSEBL ഡിസംബർ 2014- ൽ അപ്രൂവ് ചെയ്തിട്ടുണ്ട്.<br><br>പദ്ധതി നടപ്പിലാക്കുന്നതിനായി തീക്കോയി, തലനാട് വില്ലേജുകളിൽപ്പെട്ട 5.9099 Ha പട്ടയ ഭൂമിയും 0.5236 Ha പട്ടയ രഹിത ഭൂമിയും LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനത്തിനുള്ള വിജ്ഞാപനം 15.1ാ.2021- ൽ പ്രസിദ്ധീകരിക്കുകയും പഠന റിപ്പോർട്ട് 31.12.2021- ൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് 18.04.2022- ൽ ലഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പട്ടയ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 11(1) വിജ്ഞാപനം 29.08.2022- ൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള തുടർ സർവ്വേ നടപടികൾ തഹസീൽദാർ (LA) പാലാ ആഫീസിന്റെ നേതൃത്വത്തിൽ ഇപ്പോൾ കൈകൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ